**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 116** **07-10-2021 - ൽ മറുപടിയ്ക്ക്**

**ദേശീയ നൈപുണ്യ യോഗ്യതാ ചട്ടക്കൂട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ കോഴ്സുകൾ ദേശീയ നൈപുണ്യ യോഗ്യതാ ചട്ടക്കൂടിൽ അധിഷ്ഠിതമാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ നടപ്പിലാക്കുന്ന മുഴുവൻ വൊക്കേഷണൽ കോഴ്സുകളും 2020-21 അധ്യയന വർഷം മുതൽ പൂർണ്ണമായും ദേശീയ നൈപുണ്യ യോഗ്യതാ ചട്ടക്കൂടിൽ (എൻ.എസ്.ക്യൂ.എഫ്) അധിഷ്ഠിതമാക്കിയിട്ടുണ്ട്. |
| (ബി) | ഇത് വൊക്കേഷണൽ പഠനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് ഏതൊക്കെ രീതിയിൽ പ്രയോജനപ്പെടുമെന്ന് വ്യക്തമാക്കാമോ; | (ബി) | എൻ.എസ്.ക്യൂ.എഫ് അധിഷ്ഠിതകോഴ്സുകൾ ദേശീയതലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതും നാഷണൽ സ്കിൽ ഡെവലപ്മെന്റ് കൗൺസിലിന് (എൻ.എസ്.ഡി.സി) കീഴിലുള്ള സെക്ടർ സ്കിൽ കൗൺസിലുകൾ നൽകുന്നതുമായ സ്കിൽ സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നതുമാണ്. ദേശീയ അംഗീകാരമുള്ള ഈ യോഗ്യതാ സർട്ടിഫിക്കറ്റുകൾ രാജ്യത്തെ വിവിധ തൊഴിൽ സ്ഥാപനങ്ങൾ, ഭാരതസർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ തൊഴിൽ നേടുന്നതിനുള്ള യോഗ്യതയായി പരിഗണിക്കപ്പെടുന്നതാണ്. ദേശീയതലത്തിൽ തന്നെ രൂപീകരിക്കപ്പെട്ടിട്ടുള്ള തൊഴിൽ പരിശീലന രീതികൾ, പാഠ്യപദ്ധതി, പരിശീലകരുടെ യോഗ്യതാ മാനദണ്ഡങ്ങൾ എന്നിവ ഈ പാഠ്യരീതിയിൽ അനുശാസിക്കപ്പെടുന്നതിനാൽ ഏകീകൃതവും ഗുണനിലവാരത്തിലധിഷ്ഠിതവുമായ പരിശീലനം ഉറപ്പുവരുത്തുന്നു. ഹയർ സെക്കണ്ടറി കോഴ്സിനുതുല്യമായ കരിക്കുലത്തിനുപരിയാണ് എൻ.എസ്.ക്യൂ.എഫ് കോഴ്സുകൾ എന്നതിനാൽ തത്തുല്യമായ ഉപരിപഠന സാധ്യതകൾ വൊക്കേഷണൽ വിദ്യാർത്ഥികൾക്ക് ഉറപ്പാക്കുന്നു. വ്യവസായ/ സേവന മേഖലകളിൽ നിരന്തരമായി സംഭവിക്കുന്ന സാങ്കേതിക മുന്നേറ്റങ്ങൾ, കായികവും പ്രാദേശികവുമായി ഉണ്ടാകുന്ന ആവശ്യകതാ വ്യതിയാനങ്ങൾ എന്നിവക്ക നുസരിച്ച് പുതിയ |

| | | | |
|---|---|---|---|
| | | | കോഴ്സുകൾ ലഭ്യമാക്കുവാനും നിലവിലുള്ളവ പുതുക്കുവാനും, മാറ്റം വരുത്തുവാനും ഉള്ള സ്ഥിരമായ സംവിധാനം എൻ.എസ്.ക്യൂ എഫ് ഉറപ്പുവരുത്തുന്നതിനാൽ കോഴ്സുകൾ ആവശ്യാനുസരണം പുതുക്കപ്പെടുന്നു. തൊഴിൽ പഠനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നൈപുണ്യപരിശീലന കേന്ദ്രങ്ങൾ (സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ) സ്ഥാപിക്കുന്ന കാര്യം പരിഗണനയിലാണ്. വ്യവസായ ശാലകളുമായി സഹകരിച്ചുള്ള പരിശീലന പങ്കാളിത്തം വിദ്യാർത്ഥികൾക്ക് കൂടുതൽ ഗുണപ്രദമായ ഓൺ ദ ജോബ് പരിശീലനവും അദ്ധ്യാപക ഗുണനിലവാര വർദ്ധനയും ഉറപ്പുവരുത്തുന്നുമുണ്ട്. |
| (സി) | വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ തൊഴിൽ പഠനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മറ്റെന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) | താഴെപറയുംപ്രകാരമുള്ള നൂതന നടപടികൾ സ്വീകരിച്ചുവരുന്നു. 1) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വി.എച്ച്.എസ്.ഇ വിങ്ങിൽ ഇന്ററാക്ഷൻ സെൽ(ഐ.ഐ.ഐ.സെൽ) രൂപീകരിച്ച പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സെല്ലിന്റെ നേതൃത്വത്തിൽ ഇൻഡസ്ട്രിയൽ എക്സ്പെർട്ട് ഇന്ററാക്ഷൻ, വെർച്വൽ ഫീൽഡ് വിസിറ്റുകൾ, എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ക്യാമ്പുകൾ, തൊഴിലിടങ്ങളിലെ പരിശീലനം എന്നിവ നടപ്പിലാക്കി വരുന്നു. 2) അദ്ധ്യാപകർക്ക് പുതിയ ജോബ് റോളുകളിൽ പരിശീലനം സംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ട്. 3) എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ പുതിയ ജോബ്റോളുകൾക്ക് പഠന സാമഗ്രികൾ നിർമ്മിക്കുന്നതിന് കണ്ടന്റ് ഡെവലപ്മെന്റ് വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ച് വരുന്നു. 4) സംരഭകത്വ പരിശീലനം, ആശയവിനിമയ പാടവം വികസിപ്പിക്കുന്നതിനാവശ്യമായ പരിശീലനം മറ്റ് ജീവിതനൈപുണ്യ പരിശീലന ങ്ങൾ എന്നിവ തൊഴിൽപരിശീലനത്തോടൊപ്പം വിദ്യാർത്ഥികളിലെ എംപ്ലോയബിലിറ്റി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ച് വരുന്നു. |
| (ഡി) | വിദേശത്തും സ്വദേശത്തും ഉയർന്നുവരുന്ന പുതിയ തൊഴിൽ മേഖലകൾ, സാധ്യതകൾ എന്നിവയെക്കുറിച്ച് വിദ്യർത്ഥികൾക്ക് അവബോധം സൃഷ്ടിക്കുന്നതിനുതകുന്ന എന്തെല്ലാം പദ്ധതികളാണ് സർക്കാർ വിഭാവനം ചെയ്യുന്നത്; വിശദാംശം നൽകുമോ? | (ഡി) | വി.എച്ച്.എസ്.ഇ കോഴ്സ് കഴിഞ്ഞതിന് ശേഷമുള്ള ഉപരിപഠന/തൊഴിൽ സാധ്യതകളെ പരിചയപ്പെട്ടു ത്തുന്ന വെബിനാർ ഈ അധ്യയന വർഷത്തിൽ 54 എണ്ണം നടത്തുകയുണ്ടായി. മൂന്ന് വിഭാഗങ്ങ ളായി തിരിച്ചാണ് പുതിയ തൊഴിൽ മേഖലകളെ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തിയത് (എഞ്ചിനീയറിംഗ്, അഗ്രികൾച്ചർ ആന്റ് പാരാമെഡിക്കൽ, കൊമേഴ്സ്). കൂടാതെ ഇന്ത്യൻ എയർഫോഴ്സിലെ വിദ്യാഭ്യാസ-തൊഴിൽ |

| | | | |
|---|---|---|---|
| | | | സാധ്യതകളെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കാനായി എല്ലാ ജില്ലാ കേന്ദ്രങ്ങളിലും വി.എച്ച്.എസ്.ഇ സ്കൂളുകളിൽ കരിയർ സെമിനാർ, എക്സ്പോകൾ സംഘടി പ്പിക്കുന്നുണ്ട്. എല്ലാ വി.എച്ച്.എസ്.ഇ അദ്ധ്യാപകർക്കും കരിയർ ഗൈഡൻസിൽ പരിശീലനം നൽകാൻ പദ്ധതി തയ്യാറാക്കുന്നുണ്ട്. നൂതന നൈപുണ്യ പദ്ധതികൾ (21 സെഞ്ച്വറി ജോബ്സ്) അദ്ധ്യാപകർക്കായി പരിചയപ്പെടുത്തു ന്നതിനും അവബോധം സൃഷ്ടിക്കുന്നതിനുമായി അദ്ധ്യാപക പരിശീലനം നടത്തുന്നതാണ്. അതുവഴി വിദ്യാർത്ഥികൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിന് അദ്ധ്യാപകരെ പ്രാപ്തരാക്കുവാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ